**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3216** — **14-02-2024 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന യുവജന കമ്മീഷൻ നടത്തിയ പഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ യുവജനങ്ങളുടെ മാനസികശേഷി സംബന്ധിച്ച് കേരള സംസ്ഥാന യുവജന കമ്മീഷൻ നടത്തിയ പഠനത്തിന്റെ വിലയിരുത്തലുകൾ വിശദീകരിക്കുമോ; | (എ) | കേരള സംസ്ഥാന യുവജന കമ്മീഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ യുവജനങ്ങളുടെ മാനസികാരോഗ്യം ശക്തിപ്പെടുത്തി ആത്മഹത്യയെ ചെറുക്കുക എന്ന ലക്ഷ്യത്തോടെ 2023 നവംബർ 20 മുതലാണ് ഈ വിഷയത്തിൽ ഒരു സമഗ്ര പഠനം തുടങ്ങിയത്. 18 വയസ് മുതൽ 45 വരെ വയസ്സുള്ളവരിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടെ നടന്ന ആത്മഹത്യകൾ പഠനവിധേയമാക്കിയിരുന്നു. എല്ലാ ജില്ലകളിലുമായി 800 ൽ അധികം ആത്മഹത്യകളെ സംബന്ധിച്ച് വിദഗ്ധ സംഘം ശാസ്ത്രീയ പഠനം നടത്തി. തെരഞ്ഞെടുക്കപ്പെട്ട 195 എംഎസ്ഡബ്ല്യൂ / സൈക്കോളജി വിദ്യാർഥികളെ ഉപയോഗിച്ചായിരുന്നു വിവരശേഖരണം നടത്തിയത്.<br><br>ലോകത്താകെ യുവജനങ്ങൾക്കിടയിൽ ആത്മഹത്യ വർധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സമാന അനുഭവങ്ങൾ പഠിച്ച് പരിഹാര മാർഗം നിർദേശിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിട്ടത്. ഇപ്രകാരം ആത്മഹത്യകൾ സംബന്ധിച്ച് നടത്തിയ പഠനത്തിൻറെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 36-40 വയസിൽ വരുന്നവരിൽ ആണ് ആത്മഹത്യ നിരക്ക് കൂടുതൽ (27.91%) എന്ന് കണ്ടെത്തുകയുണ്ടായി. ആത്മഹത്യ ചെയ്തവരിൽ പുരുഷന്മാരാണ് (70.06%) കൂടുതൽ. പുരുഷന്മാരിൽ 31-35 പ്രായക്കാരിൽ ആണ് ആത്മഹത്യ നിരക്ക് കൂടുതലായി കണ്ടെത്തിയത് (84.5%). സ്ത്രീകളിൽ 18-20 പ്രായക്കാരിലാണ് ആത്മഹത്യ നിരക്ക് കൂടുതലായി കണ്ടെത്തിയത് (39.7%) . 18 നും 45 നും ഇടയിലുള്ള പ്രായക്കാരിൽ എസ്.എസ്.എൽ.സി (37.4%) പ്ലസ്ടു (25%) പഠനം മാത്രമുള്ളവരുടെ ആത്മഹത്യ നിരക്ക് ഉപരിപഠനം നേടിയവരേക്കൾ കൂടുതലാണ്. |

| | | | |
|---|---|---|---|
| | | | ആത്മഹത്യ ചെയ്തവരിൽ തൊഴിൽ ഇല്ലാത്തവരെക്കാൾ കൂടുതൽ ജോലി ചെയ്യുന്നവരാണ് എന്നാണ് കണ്ടെത്താൻ കഴിഞ്ഞത്. ആത്മഹത്യ ചെയ്ത ചെറുപ്പക്കാരിൽ 66% പേരും സാമൂഹിക, രാഷ്ട്രീയ മറ്റു ഇതര സംഘടനകളിൽ ഒന്നിലും പ്രവർത്തിക്കുന്നവരല്ല. മദ്യം മയക്കുമരുന്ന് മറ്റു ലഹരി ഉത്പന്നങ്ങൾ ഉപയോഗിക്കുന്നവരിലും ആത്മഹത്യ പ്രവണത കൂടുതലാണെന്ന് പഠനം വ്യക്തമാക്കുന്നു. |
| (ബി) | 36നും 40നും ഇടയിൽ പ്രായമുള്ളവരിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചു വരുന്നതായുള്ള യുവജന കമ്മീഷന്റെ കണ്ടെത്തലുകൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | 36 നും 40 നുമിടയിൽ പ്രായമുള്ളവരിൽ ആത്മഹത്യ കൂടുന്നതായാണ് യുവജന കമ്മീഷന്റെ പഠനത്തിലെ കണ്ടെത്തൽ. പഠന റിപ്പോർട്ട് കൂടുതൽ വിശകലനം ചെയ്യേണ്ടതുണ്ട്. ലോകത്താകെ ആത്മഹത്യ പ്രവണത കൂടുന്ന ഈ കാല ഘട്ടത്തിൽ സംസ്ഥാനത്തിന്റെ സ്ഥിതി പഠിച്ച പരിഹാര മാർഗങ്ങൾ നിർദേശിക്കുക എന്നതായിരുന്നു ഈ പഠനത്തിന്റെ ലക്ഷ്യം. |
| (സി) | യുവജനങ്ങളുടെ മാനസികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള കൗൺസിലിംഗുകളും ക്ലിനിക്കുകളും സംസ്ഥാനത്താകമാനം ആരംഭിക്കേണ്ട സാഹചര്യമുണ്ടോ; വിശദമാക്കുമോ; | (സി) | പഠന റിപ്പോർട്ട് വിശദമായി പഠിച്ച് വരുന്നു. തളിപ്പറമ്പ് മണ്ഡലത്തിൽ പ്രായോഗികമാക്കി വരുന്ന വായനശാലകളെ ബന്ധിപ്പിച്ചുള്ള 'ഹാപ്പിനസ് ക്ലിനിക്കുകൾ' വ്യാപകമാക്കുന്നത് സംബന്ധിച്ച് പരിശോധിക്കും. വിപുലമായ തുടർ പ്രവർത്തനങ്ങൾ മുഴുവൻ ജില്ലകളിലും വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ സർവകലാശാലകളിലും കോളേജുകളിലും ആത്മഹത്യ പ്രതിരോധത്തിനായി ബോധവൽകരണ പ്രവർത്തനങ്ങൾ / സെമിനാറുകൾ സംഘടിപ്പിക്കും. 2024 ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ തിരുവനന്തപുരത്ത് വെച്ച് ഈ വിഷയത്തെ അധികരിച്ച യുവജനങ്ങൾക്കായി ഒരു ദേശീയ സെമിനാർ സംഘടിപ്പിച്ചിരിന്നു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി തിരഞ്ഞെടുക്കപ്പെട്ട ഇരുന്നൂറോളം പ്രതിനിധികൾ ഈ സെമിനാറിൽ പങ്കെടുത്തിരുന്നു . |
| (ഡി) | സംസ്ഥാനത്തെ അസംഘടിത മേഖലയിൽ തൊഴിലെടുക്കുന്ന യുവജനങ്ങൾക്കുണ്ടാകുന്ന തൊഴിൽ സമ്മർദ്ദവും വരുമാനക്കുറവും മാനസിക സമ്മർദ്ദങ്ങൾക്കും തുടർന്ന് ആത്മഹത്യയിലേക്കും നയിക്കപ്പെടുന്നതിന് കാരണമായിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | അസംഘടിത മേഖലയിലെ വിവിധ പ്രശ്നങ്ങൾ കാരണം ഉണ്ടാകുന്ന ആത്മഹത്യകൾ സംബന്ധിച്ച തുടർ പഠനം നടക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ